ഫോൺ : 0495-2373066

**കുടുംബശ്രീ**
**ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ കാര്യാലയം**
**സിവിൽ സ്റ്റേഷൻ (പി.ഒ),**
**കോഴിക്കോട് 673 020**

5400/എ1/2018/കെ.എസ്.കെ.കെ.ഡി

തീയതി : 05/12/2024

പത്രക്കുറിപ്പ്

# കുടുംബശ്രീയിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കോഴിക്കോട് ജില്ലയിൽ കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം. എഴുത്തുപരീക്ഷയുടേയും അഭിമുഖത്തിന്റേയും വെയിറ്റേജിന്റെയും അടിസ്ഥാന ത്തിലായിരിക്കും തെരഞ്ഞെടുപ്പ്. അപേക്ഷിക്കുന്ന ബ്ലോക്കിലെ സ്ഥിരതാമസക്കാർ/ തൊട്ടടുത്ത ബ്ലോക്കിൽ താമസിക്കുന്നവർ/ജില്ലയിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന ഉണ്ടാകുന്നതാണ്.

**ബ്ലോക്ക് കോ-ഓർഡിനേറ്റർ - നോൺ ഫാം എൽ.എച്ച്, എസ്.ഐ.എസ്.ഡി., ഡി.ഡി.യു.-ജി.കെ.വൈ) (കോഡ് ബി.സി 1)**

പ്രതിമാസ ശമ്പളം 20,000 രൂപ

ഒഴിവുകളുടെ എണ്ണം : 6

യോഗ്യത : ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം.

കുടുംബശ്രീ അംഗം, കുടുംബാംഗം, ഓക്സിലറി ഗ്രൂപ്പ് അംഗം ആയിരിക്കണം.

30/06/2024-ന് 35 വയസ്സ് കവിയാൻ പാടില്ല.

**ബ്ലോക്ക് കോ-ഓർഡിനേറ്റർ (ഐ.ബി.സി.ബി - എഫ്.ഐ, എം.ഐ.എസ്)**

**(കോഡ് ബി.സി 3)**

പ്രതിമാസ ശമ്പളം 15,000 രൂപ

ഒഴിവുകളുടെ എണ്ണം : പ്രതീക്ഷിത ഒഴിവുകൾ

യോഗ്യത : ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം

(2) കമ്പ്യൂട്ടർ പരിജ്ഞാനം (എം.എസ് വേർഡ്, എം.എസ് എക്സൽ) നിർബ്ബന്ധം. വനിതകൾ മാത്രം അപേക്ഷിച്ചാൽ മതി.

കുടുംബശ്രീ അംഗം, കുടുംബാംഗം, ഓക്സിലറി ഗ്രൂപ്പ് അംഗം ആയിരിക്കണം.

30/06/2024-ന് 35 വയസ്സ് കവിയാൻ പാടില്ല.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ അഡ്രസ്സ് പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അയൽക്കൂട്ട അംഗം / കുടുംബാംഗം/ ഓക്സിലറി ഗ്രൂപ്പ് അംഗം ആണെന്നതിനും വെയിറ്റേജ് മാർക്കിന് അർഹതപ്പെട്ട അപേക്ഷകർ ആയതിന് അർഹരാണെന്നതിന് ബന്ധപ്പെട്ട സി.ഡി.എസ്സിന്റെ സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്യേണ്ടതാണ്.

പരീക്ഷാ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ കോഴിക്കോട് എന്ന പേരിൽ മാറാവുന്ന 200 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്ന കവറിന് മുകളിൽ കുടുംബശ്രീ ബി.സി -1 അല്ലെങ്കിൽ ബി.സി -3 ഒഴിവിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തണം. ഓരോ കോഡിലുമുള്ള തസ്തികകൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ ഡിസംബർ 20ന് വൈകീട്ട് 5 മണിക്ക് മുമ്പായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, ഡി. ബ്ലോക്ക്, രണ്ടാം നില, കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ പി.ഒ, കോഴിക്കോട് 673020 എന്ന വിലാസത്തിലോ നേരിട്ടോ ലഭ്യമാക്കേണ്ടതാണ്.

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ(i/c)**

District Mission Co-Ordinator
Kudumbashree
Civil Station P.O. Kozhikode-673020

KUDUMBASHREE DISTRICT MISSION OFFICE
Civil Station P.O
Kozhikode
PIN-673020